## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 146** — **22/03/2013-ൽ മറുപടിയ്ക്ക്**

കുടുംബശ്രീ സംരംഭക ഉല്പന്നങ്ങളുടെ വിപണനം

**ചോദ്യം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

**ഡോ. എം. കെ. മുനീർ**

**ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**

(എ) കുടുംബശ്രീ സംരംഭങ്ങളുടെ ഉല്പാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷത്തെ നേട്ടം വിശദമാക്കാമോ; അടുത്ത വർഷത്തേയ്ക്കുള്ള ലക്ഷ്യവും അതിനായുള്ള പദ്ധതികളും സംബന്ധിച്ച് വിശദമാക്കാമോ;

(എ) കുടുംബശ്രീ സംരംഭങ്ങളുടെ ഉല്പാദനമേഖല വികേന്ദ്രീകൃതമായതിനാൽ ഓരോ സംരംഭത്തെയും കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമല്ല. എന്നാൽ കുടുംബശ്രീ സംരംഭ മേഖലയ്ക്ക് നൽകിവരുന്ന പിന്തുണ എന്ന നിലയിൽ മാസചന്തകളും ഹോം ഷോപ്പുകളും നിലവിലുണ്ട്. ആയതിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിറ്റുവരവ് (രൂപയിൽ) | |
|---|---|---|
| | ഹോംഷോപ്പ് | മാസചന്ത |
| 2011-12 | 2,06,91,850 | 3,90,20,000 |
| 2012-13 | 2,03,70,943 | 4,15,28,000 |
| വർദ്ധനവ്/കുറവ് (ശതമാനം) | (-) 1.6% | (+) 6.43 % |

അടുത്ത വർഷത്തിൽ ഹോം ഷോപ്പുകൾ വിപുലീകരിച്ച് കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിയ്ക്കുന്നതിന് ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| (ബി) | ഉല്പാദന വർദ്ധനയ്ക്കും ഉല്പന്നങ്ങളുടെ വിപണനത്തിനും എന്തെല്ലാം നടപടികളാണിപ്പോൾ സ്വീകരിച്ചു വരുന്നത്; | (ബി) | ഉല്പാദന വർദ്ധനവിനും, ഉൽപന്നങ്ങളുടെ വിപണനത്തിനുമായി മാസചന്ത, ദിവസചന്ത, ആഴ്ച്ച ചന്ത, ഓണചന്ത, മറ്റു ഉൽസവാനുബന്ധ ചന്തകൾ, ദേശീയ അന്തർദേശീയ ഫെയറുകൾ, സർക്കാർ ഇതര വകുപ്പുകൾ സംഘടിപ്പിക്കുന്ന ഫെയറുകൾ എന്നിവയിൽ കുടുംബശ്രീ പങ്കെടുക്കാറുണ്ട്. കൂടാതെ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിന് ഹോം ഷോപ്പ് സംവിധാനവും നിലവിലുണ്ട്. കാർഷിക മേളകളും മൊബൈൽ മാർക്കറ്റുകളും പരിഗണനയിലാണ്. കുടുംബശ്രീ ഉല്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം സപ്ലൈകോ പോലുള്ള സ്ഥാപനങ്ങൾ മുഖേന കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | തരിശിട്ടിരിക്കുന്ന ഭൂമിയിൽ അയൽക്കൂട്ടങ്ങൾ വഴിയുള്ള പാട്ടകൃഷി നിലവിൽ എത്ര ഏക്കറിൽ നടക്കുന്നു. ഇതിനായി എന്തെല്ലാം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്; വിശദമാക്കാമോ? | (സി) | ഈ സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ നടപ്പിലാക്കുന്ന സംഘകൃഷിയിലൂടെ ഏകദേശം 500 ഏക്കർ തരിശുനിലങ്ങൾ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി നിലമൊരുക്കി കൃഷി ചെയ്തിട്ടുണ്ട്. 35 പഞ്ചായത്തുകളിൽ കൃഷിയുമായി ബന്ധപ്പെട്ട് വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള കർഷക സഹായ കേന്ദ്രങ്ങളുടെ പ്രാരംഭ പ്രവർത്തന നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനു പുറമേ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് വിളയനുസരിച്ച് വിസ്തൃതി ബോണസ്സും, ഉല്പാദന ബോണസ്സും ഹെക്ടർ ഒന്നിന് 3000 മുതൽ 6000 രൂപ വരെയുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**